**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3094** **04-08-2021 - ൽ മറുപടിയ്ക്ക്**

**കനോലി കനാലിലൂടെയുള്ള ജലഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചാവക്കാട് -പൊന്നാനി -ചാവക്കാട് -കൊച്ചി കനോലി കനാലിലൂടെയുള്ള ജല ഗതാഗത സംവിധാനത്തെ സംബന്ധിച്ചുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | ചാവക്കാട് - പൊന്നാനി, ചാവക്കാട് - കൊച്ചി കനോലി കനാൽ നിലവിൽ ദേശീയ ജലപാത അതോറിറ്റിയുടെ മേൽ നോട്ടത്തിലാണ് ഉള്ളത്. ഈ ദേശീയ ജലപാതയിൽ പൊന്നാനി ഭാഗത്തെ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നബാർഡ്-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും സാങ്കേതികാനുമതി നല്കി ദർഘാസ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. കൂടാതെ പൊന്നാനി മുതൽ ഭാരതപ്പുഴ വരെ ജലഗതാഗത യോഗ്യമാക്കുവാനാവശ്യമായ ആഴംകൂട്ടൽ പ്രവൃത്തികളും, പ്രസ്തുത ഭാഗത്തെ പാലങ്ങൾ ദേശീയ ജലപാത നിലവാരത്തിൽ വെർട്ടിക്കൽ / ഹൊറിസോണ്ടൽ ക്ലിയറൻസുകൾ ലഭിക്കുന്ന തരത്തിൽ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ കൂട്ടായി റെഗുലേറ്ററിൽ വലിയ യാനങ്ങൾക്ക് കടന്നുപോകത്തക്ക രീതിയിൽ നാവിഗേഷൻ ലോക്ക് നിർമ്മിക്കുവാൻ വേണ്ടി പ്രസ്തുത ലോക്കിന്റെ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ